# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. XXXXIX/FK- 91 2016 APRIL 01 NO. 4


## CIRCULAR - 9

## THE ENHANCED ALLOWANCE OF PRIESTS AND CHURCH STAFF

In view of Archdiocesan Synod and taking into account the increasing cost of living, the allowance of church staff has been enhanced from April 2016.

**Priests**

Monthly allowance of Priests serving in the Parishes is ₹ 8000 and in institutions ₹ 7000. The enhanced allowance of priests has already been in effect.

**Other Church Staff**

Sacristian

The basic allowance of the sacristians is ₹ 3000 per month.

Parishes having more than 300 houses shall pay an additional amount of ₹ 100 each per every hundered houses.

In addition to the above allowance the sacristians are also entitled to get their share from the Masses and liturgical functions of the church according to the revised Archdiocesan Decretum.

Chemmador

The Basic allowance of the Chemmador shall be ₹ 1000 per month for the major Confraternity.

He is entitled to get his share from all the church functions according to the Ardhdiocesan Decretum.

The other Confraternities may feel free to increase the amount according to their financial situation.

With regard to the provident fund, for the Sacristians ₹ 200 is to be deposited per month of which ₹ 100 is to be given by the church and ₹ 100 by the concerned party. Wherever the provident fund system is not yet started, may start immediately.

Taking into consideration the extra work during Christmas and other festivals the permanent church staff may be given one months basic allowance as gift at the end of the financial year.

*During the Holy week the church staff may be given as follows:*

| | |
|---|---|
| Parish Priest and Assistant Parish Priest | ₹ 1000 |
| Sacristian | ₹ 1000 |
| Choir | ₹ 1000 |
| Chemmador | ₹ 500 |
| Acolyts | ₹ 200 |

**Service at Substations**

Priests

Priests who are celebrating only one Mass in a week in the substations may be given ₹ 500 per month. If they celebrate two Masses in a week, they may be given ₹ 1000. If they celebrate daily Masses, they may be given ₹ 2000.

Sacristians

Sacristians who are helping only for one Mass in the substations may be given ₹ 300 per month. If they help for two Masses in a week, they may by given ₹ 600. If they help for daily Masses, they may be given ₹ 1500. Besides the above allowance, they are eligible to get the sahre from the liturgical functions as per the Archdiocesan Decretum.

Chemmador

Parish Priest may at his discretion decide the mode of payment to the Chemmador according to the situation.

Please instruct the people about this Circular and revised Decretum.

Ernakulam
01.04.2016

✠ **Francis Kallarakal**
Archbishop of Verapoly

# ദേവാലയതിരുക്കർമ്മങ്ങൾക്കുള്ള

| ഇനം | ആകെ | പള്ളി | വികാരി | കാർമ്മികൻ |
|---|---|---|---|---|
| ഒറ്റക്കുർബാന | 75 | | | 75 |
| സാധാരണ പാട്ടുകുർബാന | 200 | 20 | 05 | 85 |
| മരിച്ചവർക്കുവേണ്ടിയുള്ള സ്പെഷൽ പാട്ടുകുർബാന | 500 | 50 | 30 | 150 |
| വിവാഹത്തിന് പാട്ടുകുർബാന | 600 | 60 | 40 | 185 |
| തിരുനാൾ ദിവ്യബലി | 600 | 60 | 40 | 185 |
| വിവാഹ പരസ്യം | 200 | 80 | 60 | |
| വേസ്പര | 200 | 20 | | 75 |
| പ്രദക്ഷിണം (ഹ്യസ്വം) | 150 | 20 | | 40 |
| പ്രദക്ഷിണം (ദീർഘം) | 300 | 40 | | 80 |
| തെദേവും | 100 | 10 | | 40 |
| ലിറ്റനി (സാധാരണ) | 70 | 15 | | 25 |
| ലിറ്റനി – തിരുനാൾ | 100 | 15 | | 20 |
| കൊടികയറ്റം | 200 | 20 | | 50 |
| കഴുന്ന് | 30 | 30 | | |
| അടിമ | 10 | 4 | | 4 |
| ശവസംസ്ക്കാരം | 100 | 20 | | |
| ശവസംസ്ക്കാരം പാട്ടോടുകൂടി | 250 | 30 | | |
| ഒപ്പീസ് | 80 | 15 | | 25 |
| ദർശനം | 70 | | 10 | |
| കുരിശ് | 60 | 20 | | |
| ഏസ്തി | 40 | 20 | | |
| അനദ | 5 | | | 5 |
| പാട്ടനദ | 10 | | | 5 |
| മണിയടി | 10 | 5 | | |
| വീട് വെഞ്ചരിപ്പ് | 200 | 15 | | 110 |
| സീലി | 100 | | | 75 |
| ജ്ഞാനസ്നാന സാക്ഷ്യപത്രം (ഇടവകക്കാർ ) | 40 | | | 20 |
| ജ്ഞാനസ്നാന സാക്ഷ്യപത്രം (അന്യഇടവകക്കാർ) | 50 | | | 25 |

# പുതുക്കിയ നിരക്കുകൾ (ഡെക്രേത്തും)

| കപ്യാർ | ചെമ്മദോർ | ഗായകസംഘം | അൾത്താര ബാലകർ | കൊമ്പ്രേരിയ | കുരിശ് വാഹകർ | ഓപ്പക്കാർ |
|---|---|---|---|---|---|---|
| | | | | | | |
| 30 | 20 | 30 | 10 | | | |
| 90 | 60 | 90 | 30 | | | |
| 100 | 75 | 100 | 40 | | | |
| 100 | 75 | 100 | 40 | | | |
| 60 | | | | | | |
| 30 | 20 | 35 | 20 | | | |
| 20 | 20 | 30 | 20 | | | |
| 40 | 40 | 60 | 40 | | | |
| 20 | | 30 | | | | |
| 15 | | 15 | | | | |
| 15 | 15 | 20 | 15 | | | |
| 40 | 30 | 40 | 20 | | | |
| | | | | | | |
| 2 | | | | | | |
| 30 | 20 | | 10 | | 20 | |
| 35 | 40 | 40 | 20 | 20 | 35 | 30 |
| 15 | | 25 | | | | |
| | 20 | | | 20 | | 20 |
| | 20 | | | | 20 | |
| 20 | | | | | | |
| | | | | | | |
| 2 | | 3 | | | | |
| 5 | | | | | | |
| 75 | | | | | | |
| 25 | | | | | | |
| 20 | | | | | | |
| 25 | | | | | | |

## അനുബന്ധം

1. a. പതിവായും, അതിരൂപതാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും സകലമരിച്ച വിശ്വാസികളുടെ ദിവസത്തിലും മാർപാപ്പാ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ പ്രീഫെക്ട്, വരാപ്പുഴ മെത്രാപ്പോലീത്ത, അതതു ഇടവകയിൽ ജോലി ചെയ്യുന്ന വൈദികർ എന്നിവർ മരിക്കുന്ന ദിവസത്തിലും നടത്തേണ്ടതായ ദിവ്യബലി, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾക്ക് കാർമ്മികർക്കോ, ശുശ്രൂഷകർക്കോ യാതൊരു പ്രതിഫലവും കൊടുക്കുന്നതല്ല.

   b. ഇടവകയിൽ ജോലി ചെയ്തു മരിച്ചുപോയിട്ടുള്ള വൈദികർക്കായി വർഷംതോറും നവംബർ മാസത്തിൽ സൗകര്യമുള്ള ഒരു ദിവസം സംഗീതത്തോടുകൂടിയ ദിവ്യബലിയും ഒപ്പീസും പള്ളിയിൽ നിന്നു നടത്തേണ്ടതാകുന്നു.

   c. സംയുക്ത (Concelebrated) ദിവ്യബലിക്കു പ്രധാന കാർമ്മികനു നൽകുന്ന ഓഹരി മറ്റു വൈദികർക്കും നൽകേണ്ടതാണ്.

2. പ്രദക്ഷിണം – ഹ്രസ്വം : സാധാരണ പള്ളിപരിസരങ്ങളിൽ മാത്രം.

   ദീർഘം : പള്ളിപരിസരങ്ങൾക്കു പുറത്തും ഒരു കിലോമീറ്ററിൽ കവിയാത്തതും ഒരു കിലോ മീറ്റർ കവിയുന്ന പ്രദക്ഷിണത്തിന് കൂടുതൽ വരുന്ന ഓരോ കിലോമീറ്ററിനും നിശ്ചിത നിരക്കിന്റെ അമ്പതു ശതമാനം കൂടുതൽ കൊടുക്കേണ്ടതാണ്. എന്നാൽ, കഴിവതും പ്രദക്ഷിണം ചുരുക്കി നടത്തുന്നതാണ് അഭികാമ്യം.

3. a. വിവാഹ ഉടമ്പടി, പരസ്യം, കുറി എന്നിവ ഉൾപ്പെടെ വിവാഹം കഴിക്കുന്നവർ തങ്ങളുടെ സാമ്പത്തിക കഴിവ് അനുസരിച്ചും 500 രൂപയിൽ കുറയാതെയും സ്വന്തം ഇടവകയിൽ സംഭാവന നൽകേണ്ടതാണ്.

   b. വീഡിയോ എടുക്കുന്നവർ വീഡിയോ ഒന്നിന് 500 രൂപ വീതം നൽകണം.

4. a. കുഴിക്കാണമായി 300 രൂപയിൽ കുറയാതെ നിശ്ചയിച്ചിരിക്കുന്ന തുക പള്ളിക്കു നല്കണം. കൂടാതെ കുഴി വെട്ടുന്നതിനുള്ള ചിലവ് കൊടുക്കണം.

   b. ഇടവക വികാരി സ്ഥലത്തില്ലാത്തപ്പോൾ അയൽപള്ളിയിലെ വൈദികൻ കർമ്മം നടത്തുകയാണെങ്കിൽ അദ്ദേഹത്തിന് ഒരു വൈദികനുള്ള ഓഹരിയും യാത്രാച്ചെലവും ബന്ധപ്പെട്ടവർ കൊടുക്കണം.

c. ശവസംസ്കാരത്തോടുകൂടി ദിവ്യബലി ഉണ്ടെങ്കിൽ സാധാരണ ഓഹരി കൂടാതെ, അതിന്റെ അമ്പതുശതമാനവും കൂടുതൽ നൽകേണ്ടതാണ്. അതുപോലെ ഓപ്പക്കാരുടേയും മറ്റു ശുശ്രൂഷികളുടെയും സാധാരണ ഓഹരി കൂടാതെ അതിന്റെ അമ്പതുശതമാനം കൂടുതൽ നൽകണം.

5. a. ഏസ്തിക്ക് നാലു തിരി കത്തിക്കണം.

b. ശവസംസ്ക്കാരത്തിനു മാത്രമേ ഏസ്തി ഉപയോഗിക്കാവൂ.

6. a. ഒന്നിൽ കൂടുതൽ മണികൾ അടിക്കണമെങ്കിൽ ഓരോന്നിനും 10 രൂപാ വീതം വാങ്ങാവുന്നതാണ്. ശവസംസ്കാര അവസരത്തിൽ ഒരു പ്രാവശ്യം മണി സൗജന്യമായി അടിക്കേണ്ടതാണ്.

7. പതിവുള്ള സമയത്തിനുശേഷമോ കപ്പേളകളിലോ തിരുക്കർമ്മങ്ങൾ നടത്തുന്നതിന് കാർമ്മികർക്കും ശുശ്രൂഷകർക്കും അമ്പതുശതമാനം കൂടുതലും യാത്രാച്ചെലവും ഭക്ഷണച്ചെലവും നല്കേണ്ടതാണ്.

8. പതിവു സമയത്തിനുശേഷം നടത്തുന്ന തിരുക്കർമ്മങ്ങൾക്ക് വൈദ്യുതി ഉപഭോഗത്തിലേക്ക് 100 രൂപയിൽ കുറയാതെ ഈടാക്കാവുന്നതാണ്.

9. നൊവേന / തീർത്ഥാടനകേന്ദ്രങ്ങളിൽ അടിമ നേർച്ചയുടെ ഓഹരികൾ കൊടുക്കുന്നതല്ല. എന്നാൽ സേവനത്തിന് അർഹതപ്പെട്ട ധർമ്മം നൽകേണ്ടതാണ്.

10. തിരുക്കർമ്മങ്ങൾക്ക് പുറമേ നിന്ന് വൈദികരെ ക്ഷണിക്കുന്നതായാൽ അവരുടെ യാത്രാച്ചെലവും ഭക്ഷണച്ചെലവും ബന്ധപ്പെട്ടവർ നൽകേണ്ടതാണ്.

11. വിശുദ്ധവാരത്തിൽ സഹായത്തിന് പുറമേനിന്ന് വൈദികരെ ക്ഷണിച്ചാൽ അവരുടെ യാത്രാച്ചെലവും ഭക്ഷണച്ചെലവും അവരുടെ സഹായത്തിന്റെ തോതനുസരിച്ച് പ്രതിഫലവും കൊടുക്കേണ്ടതാണ്.

NB. പുതുക്കിയ നിരക്കുകൾ 2016 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

എറണാകുളം  
01.04.2016

✠ *ഫ്രാൻസിസ് കല്ലറക്കൽ*  
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

## സർക്കുലർ - 10

# മെയ്ദിന സന്ദേശം - 2016

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരെ, സഹോദരിമാരെ, വത്സലമക്കളേ,*

മെയ് 1-ാം തീയതി ഞായറാഴ്ച തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ നാം ആഘോഷിക്കുന്നു. സാർവ്വദേശീയ തൊഴിലാളി ദിനവുമാണ്. തൊഴിലാളിദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ലേബർ കമ്മീഷൻ പുറപ്പെടുവിച്ച മെയ്ദിന സന്ദേശം അയയ്ക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2016 ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2016 ഏപ്രിൽ 1-ാം തീയതി.

എറണാകുളം
01.04.2016

✠ ***ഫ്രാൻസിസ് കല്ലറക്കൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം - 2016

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്നതോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി 19/16-21). ഭൗതികസ്വത്തുക്കളെയും ഭൗമികജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണ് ഈ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി 25/31-46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശിയപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമീപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോടു പറയുന്നത്: ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്.

3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹ മാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടുപോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ട വും, നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങ ളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാ ണ്. അതുകൊണ്ടാണ് എന്റെ പിതാവ് കരുണയുള്ളവനായിരി ക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക് 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് പരി ശുദ്ധ ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചി രിക്കുന്നത്. ഈ വർഷത്തെ മെയ്ദിനത്തിന്റെ പ്രധാന സന്ദേ ശവും ഇതുതന്നെയാണ്; നമുക്കും കരുണ ഉള്ളവരാകാം.

4. വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവകാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടകങ്ങളിലും സംവിധാനങ്ങളിലും രൂഢമൂലമാകേ ണ്ടിയിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നില നിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളു ടേയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5. ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണി യുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായി ട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബസ്ഥിതി വിവരക്കണക്കെടുപ്പ് ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യ ത്തോട് കൂടുതൽ അടുത്തു നിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച് രാജ്യത്തെ എഴുപത്തിയഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസവരുമാനം അയ്യായിരം രൂപയിൽ

താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതിക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച് വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. അതായത് തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്ത് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചിട്ടും രണ്ടററവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചു ഏക്കർ കൃഷി ഭൂമി സ്വന്തമായുള്ള ചെറുകിടകർഷകർവരെ അസംഘടിത തൊഴിലാളിവിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നും, ദേശീയവരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടി വരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും അവകാശ നിഷേധവും അവസര നിഷേധവും വഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മൽസ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവ വഴി പ്രാഥമിക മേഖലയിലാണ് ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജററിനു മുമ്പ് കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്കു 7.6

ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണ്. എന്നാൽ കോർപ്പറേററുകളുടെ വളർച്ച 20 ശതമാന മാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തി ച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നത്. അതുപേലെ തന്നെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ അളവുകോലായി കോർപ്പറേറ്റുകളുടെ വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖ ലയെ പരിഗണിക്കുന്നതായിട്ടു പോലും പ്രവൃത്തികളിൽ കാണു ന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ്വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റി വെക്കു മ്പോൾ അസംഘടിത മേഖലക്ക് കാര്യമായൊന്നും നീക്കിവയ്ക്കു ന്നില്ല. അഥവാ നീക്കിവയ്ക്കപ്പെട്ട ചെറുവിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപ്പട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധി കൾ തങ്ങളുടെയും, ഉദ്യോഗസ്ഥ വിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങ ളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധ യിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർല മെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ. മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം

പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളും വികസനത്തിന്റെ മുഖ്യ പങ്കു കൈപ്പറ്റുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ വിഭാഗങ്ങളുടെയും നിരുത്തരവാദിത്വവും അഴിമതിയും പ്രതിജ്ഞാബദ്ധതയില്ലായ്മയും തിരുത്തി അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾക്കു രൂപം കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ താത്പര്യങ്ങളേക്കാൾ ഉപരിയായ കക്ഷിരാഷ്ട്രീയ വിധേയത്വമാണ് ഇന്നു തൊഴിലാളി യൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്യൂണിയനുകൾ നാളിതുവരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്യൂണിയനുകൾ രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിത മേഖലയോട് പക്ഷം ചേർന്നെങ്കിലേ സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽ സുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽതന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹികസേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള എല്ലാ വിഭാഗം ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റെയും ഭരണരാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടെതുമായ നിരുത്തരവാദിത്വത്തിനെതിരേ പ്രതികരിക്കാനുള്ള ധാർമ്മിക ശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പായുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരിക്കാൻ മാത്രമുള്ളതായി ചുരുങ്ങിപ്പോകരുത്. കേരള കത്തോലിക്കാ സഭയിൽ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്ന തിനും വേണ്ടി മെത്രാൻ സമിതി പീപ്പിൾ മാനേജ്മെന്റ് പോളിസി 2013, ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷത്തിൽ തന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ തൊഴിൽകാര്യകമ്മീഷൻ നൽകാൻ തയ്യാറാണ്.

12. കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ. എൽ. എം.). സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണ് ഈ പ്രസ്ഥാനം. നിർമ്മാണത്തൊലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, പീടികത്തൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ. എൽ. എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ സാമൂഹിക സുരക്ഷാപദ്ധതികൾ, തൊഴിൽ വൈദഗ്ധ്യപരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ ജാതി മത ഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വെച്ചിട്ടുള്ളത്. കൂടാതെ സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ. എൽ. എം നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്.

13. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം കെ.എൽ. എം-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനിയും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ രൂപതകളും, ഇടവകകളും ഇക്കാര്യത്തിൽ ആത്മാർത്ഥമായ സഹകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിന ആചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാപദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ.എൽ.എം.ന്റെ

നേതൃത്വത്തിൽ ലേബർ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വത്തോടെയും സത്യസന്ധതയോടെയും തൊഴിലിൽ ഏർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉത്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമേ ഇന്നത്തെ ആഗോള സമ്പദ്വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ തൊഴിലാളികളുടെയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേൻമയുള്ള ഉത്പന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേന്മ കുറവും വില കൂടുതലുമായ നമ്മുടെ ഉത്പന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട് എന്നതും നമ്മൾ അറിയേണ്ടതുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉത്പന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്കത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മൽസരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണമെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോളമാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.

15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ മഹാജൂബിലിവർഷത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക

ജീവിതവും തൊഴിൽസംസ്കാരവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥനകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

## സർക്കുലർ - 11

# സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ച്

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*

2015-2016 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ 2016 ഏപ്രിൽ മാസം തന്നെ കൊടുക്കേണ്ടതാണ്. ഈ വർഷത്തെ വരവിന്റെ 85% ചിലവാക്കിയിട്ടില്ലെങ്കിൽ 2016 സെപ്തംബർ 30 നു മുൻപ് Income Tax ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. കാരണം, ഈ വർഷം മുതൽ പുതുക്കിയ Income Tax Act പ്രകാരം ചിലവാക്കാത്ത തുകയ്ക്ക് Income Tax കൊടുക്കേണ്ടിവരും. ആയതിനാൽ നമ്മുടെ പള്ളികളുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ ഓഡിറ്റ് ചെയ്ത് ഹാജരാക്കാൻ അവസാന തീയതിവരെ കാത്തിരിക്കരുത്.

എറണാകുളം ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
01.04.2016 വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

## സർക്കുലർ - 12

# വൈദീകരുടെ വാർഷിക ധ്യാനം - 2016

2016-ലെ വൈദീകരുടെ വാർഷികധ്യാനം 2016 ജൂൺ 19 മുതൽ ജൂലൈ 1-ാം തീയതി വരെയാണ്. ആദ്യബാച്ച് ജൂൺ 19 മുതൽ 24 വരെയും, രണ്ടാമത്തെ ബാച്ച് ജൂൺ 26 മുതൽ ജൂലൈ 1 വരെയുമാണ് എന്ന കാര്യം മുൻകൂട്ടി ഓർമ്മിപ്പിക്കുന്നു. വാർഷികധ്യാനത്തിന്റെ മറ്റു വിവരങ്ങൾ താമസംവിനാ നിങ്ങളെ അറിയിക്കുന്നതാണ്.

എറണാകുളം ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
01.04.2016 വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

## NOTIFICATION - 7

The following are the new Priests of Archdiocese of Verapoly who were ordained Priests by His Grace the Archbishop Francis Kallarakal at St. Francis Assisi Cathedral on 31st March 2016.

1. **Rev. Fr. Datson D'auravu Maliakal**
2. **Rev. Fr. Rinoy Joy Kalathiparambil**
3. **Rev. Fr. Sibi Choothamparambil**
4. **Rev. Fr. Jomy Sijo Padanilath**
5. **Rev. Fr. Lijo Peter Kannoth**

Ernakulam
01-04-2016

**Chancellor**
Archdiocese of Verapoly

## NOTIFICATION - 8

The following Rev. Brothers of the Archdiocese of Verapoly were ordained Deacons by His Grace the Archbishop Francis Kallarakal at St. Francis Assisi Cathedral on 31st March 2016.

1. **Bro. Francis Manoj Marottickal**
2. **Bro. Sibi Varghese Thaiparambil**
3. **Bro. Thomas Bevin Kalloor**
4. **Bro. Lijo George Thachuthara**
5. **Bro. Joseph Midhun Chemmayath**
6. **Bro. Antony Thomas Thyparambil**
7. **Bro. Antony Kuriakose Smijo Kalathiparambil**
8. **Bro. Lazer Sinto Thaiparambil**
9. **Bro. Joby Alappatt**
10. **Bro. Benson George Alappatt**
11. **Rev. Bro. Antony Hashbin Kadamparambil** of the Archdiocese of Verapoly was Ordained Deacon by His Excellency Dr. Valerian D' souza the Bishop Emiritus of Pune at Papel Seminary, Pune on 16 Feb 2016.

Ernakulam
01-04-2016

**Chancellor**
Archdiocese of Verapoly

## CASUS - 2016

## APRIL

The participation in Holy Mass on Sundays and other holy days of obligation and refraining from work and activities which would impede the sanctification of these holy days is the first precept of the Church. The Church has laid down rules only in general for the observance of these practices. To have a clear understanding of these rules and their implications, we should know what authority prescribed these and in what manner they have to be observed. The power and authority to issue the precepts is vested in the Pope, the supreme head of the church. The Pope has the authority to establish, transfer, and suppress feast days and days of penance common to the Universal Church (CCEO c. 880; CIC c. 1244). In the Eastern Churches also the authority to establish, transfer or suppress feast days and days of penance which are common to all the Eastern Churches, is vested in the supreme authority of the Church(CCEO c. 880, §1). But to establish, transfer or suppress the feast as well as penitential days for the individual ***sui juris*** Churches is up to the authority that is competent to establish its particular law (CCEO c. 880 §2). While doing so the individual ***sui juris*** Church has to seek the opinion of the other ***sui juris*** churches also (CCEO c. 880, §2).

According to canon 1244, §2 of the CIC, the diocesan bishop has the power to determine certain special feast days of penance in his own diocese in addition to those determined by the Supreme Authority of the Church for the Latin Church. The diocesan bishop can establish such a day only in an individual instance, but not on an ongoing basis. To be legally binding, the obligation should be stated in a general decree establishing the special feast or day of penance, which decree must be promulgated. A decree is not necessary if the bishop does not intend to impose a legal obligation but only seeks to encourage or invite the faithful to observe a special feast day or day of penance.

According to canon 880, §3 of the Eastern code, apart from Sundays the following are the days of obligation binding on all the Eastern Catholic Churches:

1. Christmas (December 25)
2. Epiphany (January 6)
3. Ascension (Thursday after the 6th Sunday following Easter)
4. Dormition of the Holy Mother of God (Assumption- August 15)
5. Holy Apostles of Peter and Paul (June 29)

An Eastern ***sui juris*** Church has the authority either to suppress or to transfer the observance of any of these holy days of obligation to a Sunday according to the particular law of that Church ***sui juris.*** But the particular law (*jus particulare*) made by the synod of an Eastern Catholic ***sui juris*** Church can seek the approval of the Pope before it is implemented (CCEO c. 880,§3). Therefore, the synod of bishops of an Eastern Catholic ***sui juris*** Church can seek the approval of the Pope to suppress holy days of obligation or transfer them to Sundays.

1. **Is the Martydom of St. Thomas (Dukhrana) an obligatory day in the Syro-Malabar Church?**

   July 3 is observed as the feast of St. Thomas the Apostle (Martyrdom of St. Thomas) in the Syro-Malabar Church. It is included in the liturgical calendar of the Syro-Malabar Church as an obligatory day (art. 156, §1). The synod of bishops of the Eastern Catholic ***sui juri*** Churches have the authority to decide any feast day as obligatory in the particular eparchy or eparchies over and ever those declared as obligatory for all the Eastern Catholic Churches in general. It is in exercise of this authority that St. Thomas day is declared as obligatory in the Syro-Malabar Church. Moreover the particular law of the Syro-Malabar Church has decided that it should celebrate the feast of the Blessed and

saints of the Syro-Malabar Major archi-episcopal Church with due solemnity (art. 156,§3).

The synod of bishops of the Eastern Catholic Churches does not have the authority to transfer the observance of an obligatory day to the following Sunday. The synod of bishops can only seek the Pope's approval to do so. Such an approval was refused to the synod of bishops of the Syro-Malabar Church when they requested for transferring the fulfillment of the obligation of the feasts of Epiphany, Ascension, and Peter and Paul to the following Sunday after the actual day.

The reason for the refusal is said to be that such changes were not considered to be in tune with the genuine Eastern traditions. Hence in the liturgical calendar of the Syro-Malabar Church (2007-08) the following feast are indicated as obligatory days.

2. **What are the obligatory Days in the Latin Church?**

Apart from Sundays the following are the obligatory days in the Latin Church (CIC c. 1246, §1):

1. Nativity of 0ur Lord Jesus Christ-December 25
2. Epiphany-January 6
3. Ascension-6th Thursday after Easter
4. Body and Blood of Christ-Thursday after the Trinity Sunday
5. Holy Mary the Mother of God-January1
6. Immaculate Conception- December 8
7. Assumption-August 15
8. Saint Joseph- March 19
9. Saints Peter and Paul the Apostle-June 29
10. All saints- November 1

It may not be possible for the Christian faithful in the present day circumstances to observe all the above the ten obligatory days in their true spirit. Besides, all these ten obligatory do not have equal or uniform importance everywhere. Considering this position the Code of Canon Law provides for necessary changes. Accordingly the conferences of bishops have the authority to suppress the observance of any obligatory day or to transfer it to a Sunday, which decision becomes effective after confirmation by the Congregation for Bishops. The conference of Latin Bishops in India sought permission of the concerned Congregation to suppress the observance of certain feasts and to transfer the observance of certain other feasts to Sundays. They are follows:

A. **Observance suppressed**

1. Feast of Holy Mary the Mother of God - *January 1*
2. Immaculate Conception - *December 8*
3. Feast of St. Joseph - *March 19*
4. Saints Peter and Paul the Apostles - *June 29*
5. All Saints - *November 1*

B. **Observance Transferred to Sundays**

1. Epiphany - *January 6*
2. Ascension - *Sixth Thursday after Easter*
3. Body and Blood of Christ - *Thursday after Trinity Sunday.*

In the decree issued on 12 December 1983 the Congregation for Bishops granted sanction to the above changes. As a result the faithful of the Latin Church in India are bound to observe only two days as obligatory namely; Christmas (December 25) and Assumption of the Blessed Virgin Mary (August 15). Of course, these are in addition to all the Sundays of the year which are days of obligation in the Universal Church.

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21